# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ഫെബ്രുവരി 12, ബുധൻ

**നമ്പർ 167**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 19- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1592- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

പാലക്കാട് നെന്മാറയിൽ ജാമ്യവ്യവസ്ഥ ലംഘിച്ച് വീട്ടിലെത്തിയ കൊലക്കേസ് പ്രതി രണ്ട് പേരെ കൊലപ്പെടുത്തിയതടക്കം സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് പരാജയപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) ശബരിമല വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. യു. ജനീഷ് കുമാർ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം നേരിടുന്ന പ്രശ്നങ്ങളിലേയ്ക്കും വിമാനത്താവളത്തിന് സ്ഥലം വിട്ടുനൽകിയവരും യാത്രക്കാരായ പ്രവാസികളും അനുഭവിക്കുന്ന പ്രയാസങ്ങളിലേയ്ക്കും ശ്രീ. പി. അബ്ദുൽ ഹമീദ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിയ്ക്കുവേണ്ടി ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ടി. ഐ. മധുസൂദനൻ | എരമം-കുറ്റൂർ-പുല്ലുപാറയിൽ ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി തുറമുഖ-സഹകരണ -ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 3. | ഡോ.സുജിത് വിജയൻപിള്ള | വാട്ടർ അതോറിറ്റിയുടെ കുടിവെള്ളപൈപ്പുകളുടെ മെയിന്റനൻസ് | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. ഉബൈദുള്ള | ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് | ബഹു. ന്യൂനപക്ഷ ക്ഷേമം കായികം വഖഫ് ഹജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 5. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. കെ. ബാബു (നെന്മാറ) | മംഗലം-ഗോവിന്ദപുരം സംസ്ഥാന പാതയുടെ നവീകരണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7. | ശ്രീമതി സി. കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. ടി. സിദ്ദിഖ് | ദിഗംബര ജൈന മത വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുക | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 9. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>സ്റ്റാറ്റ്യൂട്ടറി പ്രമേയം (ചട്ടം 23):</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് 2006-ലെ ഈട്ടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം പിൻതാങ്ങപ്പെട്ടു. ശ്രീ. എൻ. ഷംസുദ്ദീൻ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു. ഭേദഗതികൾ കൂടാതെ പ്രമേയം താഴെപ്പറയും പ്രകാരം സഭ ഐകകണ്ഠ്യേന പാസാക്കി.

"സർക്കാർ പൊതുവായ്പ എടുക്കണമെന്ന ആവശ്യത്തിനോ അല്ലെങ്കിൽ ഔദ്യോഗിക ഗസറ്റിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിനോ വേണ്ടി സർക്കാർ സൃഷ്ടിക്കുന്നതും പുറപ്പെടുവിക്കുന്നതുമായ ഈടുപത്രങ്ങൾ പൊതുവിപണിയിലും സ്ഥാപനങ്ങൾക്കും വിനിമയം ചെയ്തിരുന്നത് 1944- ലെ പൊതുക്കടം ആക്റ്റ് പ്രകാരമാണ്. കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഈടുപത്രങ്ങളുടെ ഭരണനിർവ്വഹണത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും കൂടുതൽ സുതാര്യമായ രീതിയിൽ നടപ്പാക്കുന്നതിലേക്കായി ഒരു നിയമം ആവശ്യമാണെന്ന് ഭാരതീയ റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ ഭാഗമായി '2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റ് (2006 - ലെ 38 - ാം കേന്ദ്ര ആക്റ്റ്) പാർലമെന്റ് പാസാക്കിയിരുന്നു. പ്രസ്തുത നിയമത്തിൽ 1944- ലെ പൊതുക്കടം ആക്റ്റിലെ ഭൂരിഭാഗം വകുപ്പുകളിലെ വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ഭാഗമായി, 1944 - ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യണമെങ്കിൽ 2006 - ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തി 1944- ലെ പൊതുക്കടം ആക്റ്റ് പ്രകാരം പൊതുവിപണിയിൽ സർക്കാർ വിതരണം അല്ലെങ്കിൽ വിനിമയം ചെയ്ത ഈടുപത്രങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം ഭാരതത്തിന്റെ ഭരണഘടനയിലെ 7 - ാം പട്ടിക പ്രകാരം സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടതാകയാൽ, 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനെ പ്രാപ്തമാക്കുന്നതിലേക്കായി, ഭരണഘടനയിലെ 252-ാം അനുച്ഛേദ പ്രകാരം സംസ്ഥാനങ്ങൾ ഈ വിഷയത്തിൽ നയപരമായ തീരുമാനം എടുത്ത് അതത് സംസ്ഥാനങ്ങളിലെ നിയമസഭയിൽ ഒരു പ്രമേയം പാസാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ 2006- ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഭരണഘടനയിലെ 252- ാം അനുച്ഛേദപ്രകാരം ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ധനകാര്യം :

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. ജോയി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. കെ. ബഷീർ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. എ. പ്രഭാകരൻ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. വി. ഡി. സതീശൻ

<u>ചട്ടം 288 പ്രകാരമുള്ള വിശദീകരണം:</u>

2025 ഫെബ്രുവരി 12 -ന് ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെ ശ്രീ. വി. ജോയി, ശ്രീ. കെ. പ്രേംകുമാർ എന്നീ അംഗങ്ങൾ തനിക്കെതിരെ നടത്തിയ പരാമർശം വാസ്തവ വിരുദ്ധമാണെന്ന് ഡോ. മാത്യു കുഴൽനാടൻ അറിയിച്ചു.

<u>ധനകാര്യം (തുടർച്ച):</u>

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി, മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ മറുപടി പറഞ്ഞു.

2025 ഫെബ്രുവരി 13- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.30- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

262/25

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 12, 2025*

**No. 167**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Questions:*

The corrected answer to unstarred question No 1592 dated 9-6-2024 of Eleventh session of Fifteenth Kerala Legislative Assembly was laid on the Table by Shri K. Rajan, Minister for Revenue and Housing.

*Adjournment Motion (Rule 50) :*

Shri N. Samsudheen and five other Members had given a notice for moving an adjournment motion stating that the police is reportedly struggling to curb crimes in the state, including the murder of two persons in Nenmara by an accused who breached bail conditions. On the ground of the explanation from the Chief Minister, the Speaker denied leave to present the motion for adjournment.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri K. U. Jenish Kumar called the attention of the Minister for Ports, Co-operation and Devaswoms to the necessity to co-ordinate the activities related to the development of Sabarimala and to expedite the works as per the Sabarimala Master Plan. The Minister for Ports, Co-operation and Devaswoms made a statement thereto.

2. Shri P. Abdul Hameed called the attention of the Chief Minister to the problems faced by the Calicut International Airport and to the hardships faced by the people who have given away their land for the Airport and by expatriate passengers. For the Chief Minister, the Minister for Minority welfare, Sports, Wakf and Hajj Pilgrimage made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ടി. ഐ. മധുസൂദനൻ | എരമം-കുറ്റൂർ-പുല്ലുപാറയിൽ ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി തുറമുഖ-സഹകരണ -ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 3. | ഡോ.സുജിത് വിജയൻപിള്ള | വാട്ടർ അതോറിറ്റിയുടെ കുടിവെള്ളപൈപ്പുകളുടെ മെയിന്റനൻസ് | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. ഉബൈദുള്ള | ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് | ബഹു. ന്യൂനപക്ഷ ക്ഷേമം കായികം വഖഫ് ഹജ് തീർത്ഥാടന വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. ബാബു (നെന്മാറ) | മംഗലം-ഗോവിന്ദപുരം സംസ്ഥാന പാതയുടെ നവീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7. | ശ്രീമതി സി. കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. ടി. സിദ്ദിഖ് | ദിഗംബര ജൈന മത വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുക | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 9. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

Thirteenth report of the Committee on Environment was presented.

*Statutory Resolution (Rule 23) :*

Shri K. N. Balagopal, Minister for Finance moved the resolution requesting the Central Government to make necessary amendments in the Government Securities Act, 2006 to repeal the Public Debt Act, 1944. Resolution was seconded. Shri N. Samsudheen moved amendment to the resolution. The Resolution was adopted by the House unanimously without any amendments as stated below:

"Securities created and issued by the Government for the purpose of raising public debt or for any other purpose as may be notified by the Government in the Official Gazette are transacted in the public market and to institutions under the Public Debt Act, 1944. The Government Securities Act, 2006 (Central Act 38 of 2006) was passed by the Parliament as part of the Reserve Bank of India's recommendation to the Central Government that a law was needed to make the administration of securities issued by the Central or State Government and other related matters more transparent. Although the said Act contains most of the provisions of the Public Debt Act, 1944, as part of the repeal of obsolete laws, repeal of the Public Debt Act, 1944 requires amendment of relevant sections of the Government Securities Act, 2006 to protect securities issued or exchanged by the Government in the public market under the Public Debt Act, 1944. As the matter is included in the State List under the 7th Schedule of the Constitution of India, it is necessary for the States to take a policy decision on the matter and pass a Resolution in their respective State Legislatures under Article 252 of the Constitution to enable the Central Government to repeal the Public Debt Act, 1944. In this context, this House requests the Central Government under Article 252 of the Constitution to take immediate action to amend the Government Securities Act, 2006."

*Financial Business*:

The General discussion on the budget for the financial year 2025-26 has been resumed. The following members took part in the discussion:

Shri V. Joy

Shri Saneeshkumar Joseph

Shri P. S. Supal

Shri P. K. Basheer

Shri Pramod Narayan

Shri Mons Joseph

Shri K. Premkumar

Shri Kovoor Kunjumon

Shri A. Prabhakaran

Smt. K. K. Shailaja Teacher

Shri V. D. Satheesan.

*Personal Explanation as per Rule 288 :*

Dr. Mathew Kuzhalnadan informed the House that the statements made against him by Shri V. Joy and Shri K. Premkumar on 12-2-2025 during the general discussion on the budget are counterfactual.

*Financial Business ( continuation) :*

The Minister for Law, Industries and Coir, the Chief Minister and the Minister for Finance replied to the points raised during the discussion.

The House adjourned at 4.30 p.m. to meet again at 9.00 a.m. on Thursday, February 13, 2025.

Dr. N. Krishna Kumar,
*Secretary.*